# 40

# പിന്നീട് ഏതെങ്കിലും സർപ്പത്തെ കൊന്നോ?

## (വെളിപ്പാട് 12:7-12)

ലോകമഹായുദ്ധം I പൊട്ടിപ്പുറപ്പെട്ടപ്പോൾ, ലണ്ടനിലെ യുദ്ധ മന്ത്രാലയത്തിൽനിന്ന് ആഫ്രിക്കയിലെ ഒരു ഉൾപ്രദേശത്തേക്ക് കോഡുള്ള ഒരു സന്ദേശം എത്തിച്ചു. “യുദ്ധം പ്രഖ്യാപിച്ചു. നിങ്ങളുടെ ജില്ലയിലെ എല്ലാ ശത്രുസഖ്യങ്ങളേയും തടവിലാക്കുക” എന്നായിരുന്നു സന്ദേശം. മന്ത്രാലയത്തിന് ഉടനെ മറുപടിയും ലഭിച്ചു: “ആറു ബെൽജിയൻകാരെയും, നാല് ജർമ്മൻകാരെയും, നാല് ഫ്രഞ്ചുകാരെയും, രണ്ട്, ഇറ്റലിക്കാരെയും, മൂന്ന് ആസ്ത്രിയക്കാരെയും, ഒരു അമേരിക്കക്കാരനേയും തടവിലാക്കി. ആരുമായിട്ടാണ് നാം യുദ്ധത്തിലേർപ്പെട്ടതെന്ന് ഉടനെ ദയവായി അറിയിക്കുക.”[1] നിങ്ങൾ യുദ്ധത്തിലാണെങ്കിൽ, ശത്രു ആരാണെന്ന് അറിയുന്നത് സഹായകരമാകും!

അദ്ധ്യായം 12 ന്റെ പഠനം നാം തുടങ്ങിയപ്പോൾ, നമ്മുടെ ആത്മിയ ശത്രു *പിശാച്* ആണെന്ന് നാം മനസിലാക്കി – ചുവന്ന മഹാ സർപ്പമായിട്ടാണ് അവനെ ചിത്രീകരിച്ചിരിക്കുന്നത്. നമ്മുടെ ശത്രു നശിപ്പിക്കുന്നവനും, ഭയങ്കരനും, നിരുൽസാഹിതനും, കോപിഷ്ടനുമാണെന്ന് നാം കണ്ടു. നമ്മുടെ ഇപ്പോഴത്തെ വേദഭാഗത്തിൽ, അവൻ എങ്ങോട്ടു തിരിഞ്ഞാലും, അവന്റെ നിരുൽസാഹവും കോപവും വർദ്ധിക്കുന്നതായി കാണാം. വാസ്തവത്തിൽ, *പരാജയപ്പെട്ട ശത്രുവായിട്ടാണ്* നമ്മുടെ വേദഭാഗം അവനെ വെളിപ്പെടുത്തുന്നത് – അവൻ പരാജയപ്പെടും എന്നല്ല, അവൻ പരാജയപ്പെട്ടു*കഴിഞ്ഞു.*

12:7–12–ൽ, ആദ്യം സാത്താന്റെ പരാജയം അലങ്കാരമായും പിന്നെ അത് ഗീതമായി ആഘോഷിക്കുന്നതായും കാണാം. പരാജയപ്പെട്ട സാത്താന്റെ കോപം ആ വാക്യങ്ങളിൽ കാണാം.

### പിശാചിന്റെ പരാജയ യാഥാർത്ഥ്യം (12:7-9)

വേദഭാഗം തുടങ്ങുന്നു,

> പിന്നെ സ്വർഗത്തിൽ ഒരു യുദ്ധം ഉണ്ടായി,[2] മിഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോട് പടവെട്ടി; തന്റെ ദുതന്മാരുമായി മഹാസർപ്പവും പട വെട്ടി ജയിച്ചില്ല താനും. സ്വർഗത്തിൽ അവരുടെ സ്ഥലം പിന്നെ കണ്ടതുമില്ല. ഭൂതലത്തെ മുഴുവനും തെറ്റിച്ചുകളയുന്ന സാത്താനും പിശാചും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു. അവന്റെ ദൂതന്മാരെയും അവനോടുകൂടെ തള്ളിക്കളഞ്ഞു (വാ. 7–9).

**വേദഭാഗം എന്തു പറയുന്നില്ല**

ആ വേദഭാഗം എന്തു പഠിപ്പിക്കുന്നു എന്നു നോക്കുന്നതിനുമുൻപ്, അത് എന്തു പഠിപ്പിക്കുന്നില്ല എന്ന് പറയണം. വീണുപോയ ദൂതന്മാരെ കുറിച്ചുള്ള സിദ്ധാന്തം പഠിപ്പിക്കുകയല്ല വേദഭാഗത്തിന്റെ ലക്ഷ്യം.[3] "മനുഷ്യനെ സൃഷ്ടിക്കുന്നതിനു വളരെ മുൻപ് തന്നെ സ്വർഗത്തിൽ ദൈവത്തിന്റെ പ്രധാനദൂതനായ മിഖായേലും അവന്റെ ദൂതന്മാരും, സാത്താനും അവന്റെ ദൂതന്മാരും തമ്മിൽ ഒരു യുദ്ധമുണ്ടാകയും, സാത്താനേയും അവന്റെ ദൂതന്മാരേയും ഭൂമിയിലേക്ക് തള്ളിക്കളയുകയും ചെയ്തു എന്ന് ക്രിസ്തീയ ഗോളത്തിൽ പ്രചാരത്തിലിരിക്കുന്ന ഒരു സിദ്ധാന്തമുണ്ട്."[4] സംഭവിച്ചേക്കാമെന്ന് പറയുന്ന പരക്കെയുള്ള ഈ പ്രചാരത്ത മിൽട്ടന്റെ പാരഡൈസ് ലോസ്റ്റ്,[5] എന്ന പുസ്തകം കൂടുതൽ വ്യാപ്തിയിലെത്തിച്ചു, അതിന് വെളിപ്പാട് 12 ൽനിന്നാണ് ആശയങ്ങൾ എടുത്തിരിക്കുന്നത്. എച്ച്. എൽ. എലിസൺ പറഞ്ഞു, "ആ വേദഭാഗമെല്ലാമെടുത്താലും, ഇതിനു യാതൊരു തിരുവെഴുത്തുപിൻബലവുമില്ല. ഇവിടെ സംഭവിച്ചിരിക്കുന്നത് വെളിപ്പാടിൽ വിവരിച്ചിരിക്കുന്നതും അതിന്റെ വായനക്കാരെ ബാധിക്കുന്നതുമാണ്."[6] റേ സമ്മേഴ്സ് പറഞ്ഞു,

> ഈ ഖണ്ഡിക വ്യാഖ്യാനിക്കേണ്ടത്, മറഞ്ഞുകിടക്കുന്ന പഴയനിയമവേദഭാഗമനുസരിച്ചോ, അല്ലെങ്കിൽ മാർട്ടിന്റെ പാരഡൈസ് ലോസ്റ്റ് പറയുന്നതനുസരിച്ചോ അല്ല, മറിച്ച് സന്ദർഭമനുസരിച്ചാണ്. ഇത് പിശാചിന്റെ വീഴ്ച്ചയെ കുറിച്ചുള്ള ചരിത്രപരമായ വിവരണമല്ല, പിന്നെയോ ക്രിസ്തുവിനേയും അവന്റെ ആളുകളേയും നശിപ്പിക്കുവാനുള്ള പിശാചിന്റെ പരിശ്രമത്തെ അപോകാലിപ്റ്റിക് ഭാവനയിൽ പറയുന്നതാണ്.[7]

സാത്താന്റെ ഉത്ഭവത്തെ കുറിച്ച് അറിയുവാൻ നമുക്ക് ഉൽക്കണ്ഠ ഉണ്ടായേക്കാം, എന്നാൽ അത് "മറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ" പെടും (ആവർത്തനപുസ്തകം 29:29) അതു നമുക്ക് വെളിപ്പെടുത്തുന്നതു യോഗ്യമല്ല എന്ന് ദൈവം കരുതിയിരിക്കുന്നു - അത് ഒരുപക്ഷെ നമുക്ക് മനസിലാക്കുവാൻ കഴിവില്ലാത്തതുകൊണ്ടായിരിക്കാം, തീർച്ചയായും അത് നമ്മുടെ രക്ഷക്ക് ആവശ്യമുള്ളതല്ല. ഈ വിഷയത്തെ കുറിച്ച് ഇനിയും നിങ്ങൾക്ക് ബൈബിളിലെ സൂചനകൾ വേണമെന്നുണ്ടങ്കിൽ ഇതാ ചിലത്:

പിശാചിനെ ദൈവമായിരിക്കാം സൃഷ്ടിച്ചത്, കാരണം എല്ലാം സൃഷ്ടിച്ചതു ദൈവമാണ് (എഫെസ്യർ 3:9). ആത്മിയമായവയും അവനാണ് നിർമ്മിച്ചത് (എഫെസ്യർ 6:11, 12), ഒരുപക്ഷെ ദൂതനേയും (2 കൊരിന്ത്യർ 11:14). ഒന്ന് തിമൊഥെയൊസ് 3:6 പറയുന്നത് പിശാചിന്നു ലഭിച്ച ... "[ശിക്ഷാവിധി] *നിഗളം* നിമിത്തം ഉണ്ടായതാണെന്നാണ്," പക്ഷെ അതിന്റെ വിശദാംശങ്ങളില്ല. യോഹന്നാൻ 8:44 പറയുന്നു "അവൻ ആദി മുതൽ കുലപാതകി ആണ്" എന്ന്. 1 യോഹന്നാൻ 3:8-ൽ പറയുന്നു, "പിശാച് ആദിമുതൽ പാപം ചെയ്യുന്നു." "ആദിമുതൽ" എന്നു പറയുന്നതിന്റെ അർത്ഥം, "സൃഷ്ടി മുതലാണോ" അതോ "മനുഷ്യന്റെ നിലനിൽപു" മുതലാണോഎന്ന് നമുക്ക് അറിയില്ല." അവസാനമായി, വീണുപോയ ദൂതന്മാരെ കുറിച്ച് ബൈബിൾ പറയുന്നു (2 പത്രൊസ് 2:4; യൂദാ. 6); എന്നാൽ, അവർക്ക് പിശാചിനോട് എന്തെങ്കിലും ബന്ധമുണ്ടോ എന്ന് പറയുന്നില്ല.[8]

മറ്റൊരു വാക്കിൽ പറഞ്ഞാൽ, നാം അത്രയും അറിഞ്ഞ്, നമ്മുടെ

ആകാംക്ഷ ശമിപ്പിക്കുകയല്ല ദൈവത്തിന്റെ ഉദ്ദേശം. വിടവ് നികത്തുവാൻ മനുഷ്യർ തങ്ങളുടെ ഊഹാപോഹങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. എന്നിരുന്നാലും, "സൃഷ്ടിക്ക്-മുൻപ് യഥാർത്ഥമായോ, ഭാവനയിലോ സാത്താനെയും അവന്റെ ദൂതന്മാരെയും സ്വർഗത്തിൽനിന്ന് പുറത്തു തള്ളിക്കളഞ്ഞതുമായി വെളിപ്പാട് 12 ന് ഒരു ബന്ധവുമില്ല" എന്ന് നാം മനസിലാക്കണം.[9] അത് ഉപദ്രവിക്കപ്പെട്ട ആദ്യക്രിസ്ത്യാനികളെ ഉത്തേജിപ്പിക്കുന്നതിനായിരുന്നു.

നാം വേദഭാഗത്തിലേക്ക് കടക്കുന്നതിനുമുൻപ്, നമുക്ക് ഒരു നിഷേധ കാര്യം കൂടെ നോക്കേണ്ടതായിട്ടുണ്ട്. ആ യുദ്ധരംഗത്തിനു തൊട്ടുമുൻപ്, ആൺകുട്ടി "ദൈവത്തിങ്കലേക്കും അവന്റെ സിംഹാസനത്തിലേക്കും എടുക്കപ്പെട്ടു" (12:5). പരാജയം സമ്മതിക്കാനാകാതെ, സാത്താൻ ആൺകുട്ടിയെ സ്വർഗത്തിന്റെ വാതിൽക്കലോളം പിൻചെന്നു എന്നാണ് ചിലർ കരുതുന്നത്. അവിടെ, അവർ പറയുന്നത്, മിഖായേൽ വഴി തടയുകയും, അത് യുദ്ധത്തിൽ കലാശിക്കയും ചെയ്തു എന്നാണ്, പരാജയപ്പെട്ട സർപ്പത്തെ ഭൂമിയിലേക്ക് മടക്കി അയച്ചു എന്നും അവർ ഊഹിക്കുന്നു. അത് മൊത്തത്തിലുള്ള അദ്ധ്യായം 12 ന്റെ രംഗമാക്കി, ഒരു നാടകമാക്കി, അവർ അദ്ധ്യായത്തിന്റെ മൊത്തത്തിലുള്ള ഉപദേശത്തിന്റെ മൂല്യം കുറച്ചുകളയുന്നു. എങ്ങനെയായാലും അദ്ധ്യായത്തിലെ പല വിശദാംശങ്ങളും ആ സമീപനത്തിന് എതിരാണ്.

ആദ്യം (ഏറ്റവും പ്രധാനപ്പെട്ടതു) 12:11 അനുസരിച്ച്, "കുഞ്ഞാടിന്റെ രക്തത്താലായിരുന്നു" വിജയിച്ചത്. "രക്തത്തെ കുറിച്ചാണ് അദ്ധ്യായം നൽകുന്ന ഏറ്റവും പ്രാധാന്യമുള്ള പ്രസ്താവന"[10] എന്ന് പറഞ്ഞിരിക്കുന്ന, ജി. ആർ. ബീസ്ലേ-മുറേയോട് ഞാൻ യോജിക്കുന്നു. വേദഭാഗം മുഴുവനേയും അത് വെളിച്ചം വീശുന്നു. രക്തത്താലാണ് വിജയിച്ചത് എന്നതുകൊണ്ടും, രക്തം ചിന്തിയത് ക്രൂശിൽ ആയതുകൊണ്ടും, സ്വർഗാരോഹണത്തിനുശേഷമല്ല, അതിനു മുൻപുതന്നെ സാത്താൻ പരാജയപ്പെട്ടിരിക്കണം. കാലനിർണ്ണയപ്രകാരം, കുട്ടി "എടുക്കപ്പെടുന്നതിനു" മുൻപ് ആണ് "സാത്താനെ തള്ളിക്കളഞ്ഞത്."

സർപ്പത്തിനും അവന്റെ ദൂതന്മാർക്കും പരാജയത്തിന്റെ അനന്തരഫലമായി, "സ്വർഗത്തിൽ പിന്നെ അവരുടെ സ്ഥലം കണ്ടതുമില്ല." (വാ. 8). സ്വർഗത്തെ "ഇളക്കുവാൻ" പിന്നീട് പിശാചിന് കഴിയുകയില്ല എന്ന് അത് അന്തർലീനമാക്കുന്നു, എന്നാൽ വാക്യം 8 വരെ അവന് അവിടെ സ്ഥലം ഉണ്ടായിരുന്നു എന്നു സൂചിപ്പിക്കുന്നു. സ്വർഗാരോഹണം ചെയ്ത കുട്ടിയെ സർപ്പം പിൻചെന്നു എന്നതിനോട് ഇത് യോജിക്കുന്നില്ല.

ക്രിസ്തു ക്രൂശിൽ ആയിരുന്ന ആറു മണിക്കൂർ നേരത്തെ ആത്മിയ പോരാട്ടമായിരുന്നു വാക്യം 7 മുതൽ 9 വരെ നടന്ന "യുദ്ധം" എന്നു വിശ്വസിക്കുവാനാണ് സന്ദർഭം എന്നെ നിർബ്ബന്ധിക്കുന്നത്. യേശുവിനെ ക്രൂശിൽ തറെപ്പിക്കുന്നത് തന്റെ വലിയ വിജയമായി ഒരുപക്ഷെ പിശാച് വിചാരിച്ചിരിക്കാം. എന്നാൽ അത് അവന്റെ ഏറ്റവും വലിയ പരാജയമായി പരിണമിച്ചു.

നാം വാക്യങ്ങൾ 7 മുതൽ 9 വരെ നോക്കുമ്പോൾ 12:11 മനസിൽവെക്കുക.

### വേദഭാഗം എന്താണ് പറയുന്നത്

വാക്യം 7 പറയുന്നു, "സ്വർഗത്തിൽ ഒരു യുദ്ധം ഉണ്ടായി." എപ്പോഴാണ് യുദ്ധം നടന്നതെന്ന് വേദഭാഗം പറയുന്നില്ലെങ്കിലും, യേശു ക്രൂശിലായിരുന്നപ്പോൾ നടന്നതായി മുൻപ് പറഞ്ഞിട്ടില്ല.

"മിഖായേലും അവന്റെ ദൂതന്മാരും മഹാസർപ്പത്തോട് പട വെട്ടി [യിരുന്നു]." (വാ. 7). മിഖായേൽ പ്രധാനദൂതനായിരുന്നു. വാസ്തവത്തിൽ, പുതിയ നിയമത്തിൽ അവനെ മാത്രമെ "പ്രധാനദൂതൻ" എന്നു വിളിച്ചിട്ടുള്ളു (യൂദാ. 9)[11] "ഏഞ്ചൽ" എന്നതിന് മുൻപ് "ആർക്ക്" എന്ന പ്രയോഗം സൂചിപ്പിക്കുന്നത്, "ഓവർ" എന്നാണ്. ഉയർന്ന പദവിയിലുള്ള ദൂതനാണ് അവനെന്നും അവന്റെ കീഴിൽ ദൂതന്മാരുണ്ടെന്നും അത് വ്യക്തമാക്കുന്നു. അതുകൊണ്ട് വാക്യം 7-ൽ "അവന്റെ ദൂതന്മാർ" എന്നു പറഞ്ഞിരിക്കുന്നു - അതായത്, അവന്റെ കൽപനകൾ അനുസരിച്ച് പ്രവർത്തിക്കുന്ന മറ്റു ദൂതന്മാർ എന്നർത്ഥം.

മിഖായേൽ എന്ന വാക്കിന്റെ അർത്ഥം, "ദൈവത്തെപോലെ ആരുള്ളു?" എന്നാണ്. ദൈവജനത്തിന്റെ പ്രതിരോധകനായിട്ടാണ് ദാനിയേലിന്റെ പുസ്തകത്തിൽ മിഖായേലിനെ ചിത്രീകരിച്ചിരിക്കുന്നത് (ദാനിയേൽ 10:13, 21; 12:1). മോശെയുടെ ശരീരത്തെ കുറിച്ച് പിശാചുമായി തർക്കിക്കുന്ന വിവരണം യൂദാ 9 നൽകുന്നു. ആ തർക്കത്തിൽ എന്തെല്ലാം ഉൾപ്പെട്ടിരുന്നു എന്ന് നമുക്ക് അറിയില്ല,[12] പക്ഷെ മിഖായേലിന് പിശാചുമായുള്ള തർക്കം പുതിയതായിരുന്നില്ല എന്ന് നമുക്ക് അറിയാം.[13]

"തന്റെ ദൂതന്മാരുമായി മഹാസർപ്പവും പടവെട്ടി" (വാ. 7). അത് ഗൗരവമായ ഒരു യുദ്ധമായിരുന്നു. പോരാടാതെ കീഴ്പ്പെടുന്ന സ്വഭാവം സർപ്പത്തിനില്ലായിരുന്നു (ഇപ്പോഴുമില്ല). തങ്ങളുടെ നിത്യവിധി കഴിഞ്ഞിരിക്കുന്നു എന്ന് സാത്താനും അവന്റെ ദൂതന്മാർക്കും അറിയാം.

എങ്ങനെയായാലും, "അവർക്ക് മതിയായത്ര ശക്തിയില്ലായിരുന്നു" (വാ. 8). നമ്മുടെ കഴിഞ്ഞ പാഠത്തിൽ പറഞ്ഞതുപോലെ, പിശാച്, നശിപ്പിക്കുന്നവനാണ്, പക്ഷെ അവൻ ദൈവമല്ല. അവൻ സർവ്വശക്തനോ, സർവ്വജ്ഞാനിയോ, സർവ്വവ്യാപിയോ അല്ല; അവന്റേത് ദൈവത്തിന്റെ ശക്തിക്കു തുല്യമല്ല. പ്രത്യേകിച്ച്, ഈ വേദഭാഗം പറയുന്നത്, അവന്റെ ശക്തി ക്രൂശിന്റെ ശക്തിയുടെ അടുത്തുപോലും എത്തുകയില്ല എന്നാണ്. അത് നമ്മെ വീണ്ടും 12:11 ഓർപ്പിക്കുന്നു: "അവർ കുഞ്ഞാടിന്റെ രക്തം ഹേതുവായി ജയിച്ചു."

സാത്താന്റെ പരാജയത്തെ കുറിച്ച് പറയുമ്പോഴെല്ലാം, പല എഴുത്തുകാരും "എല്ലാ വാഗ്ദാനങ്ങളുടേയും ആരംഭമായ" ഉൽപത്തി 3:15 എടുത്തു കാണിക്കും. വില്യം ഹെൻഡ്രിക്സൺ പറഞ്ഞതു, വെളിപ്പാട് 12 "വളരെ വ്യക്തമായി [ഉൽപത്തി] 3:15 ന്റെ അടിസ്ഥാനത്തിൽ വ്യക്തമാക്കുകയാണ്, ഒരേ കഥാപാത്രങ്ങളാണ് രണ്ടിലുമുള്ളത്; രണ്ടും പറയുന്നത് ഒരേ സത്യമാണ്."[14] ഉലപ്ത്തി 3:15-ൽ ദൈവം സർപ്പത്തെ ശപിച്ചപ്പോൾ, അവൻ പറഞ്ഞു, "ഞാൻ നിനക്കും സ്ത്രീക്കും, നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും ശത്രുത്വമുണ്ടാക്കും. അവൻ നിന്റെ തല തകർക്കും, നീ അവന്റെ കുതികാൽ തകർക്കും." "അവളുടെ സന്തതി" ക്രിസ്തുവായിരുന്നു (ഗലാത്യർ 4:4 നോക്കുക).[15] എന്നാൽ സർപ്പം പിശാചാണ് (വെളിപ്പാട് 12:9 നോക്കുക). ക്രിസ്തു സാത്താന്റെ "തല" തകർക്കും (നശീകരണ മുറിവ്), അതേ സമയം സാത്താൻ യേശുവിന്റെ "കുതികാൽ" തകർക്കും (അസാധാരണ മുറിവ്) എന്നത് ക്രൂശിന്റെ ഇപ്പുറത്തുള്ളവർക്ക് ഒരു വാഗ്ദാനം നൽകുന്നു, യേശു ക്രൂശിൽ മരിച്ചപ്പോൾ, സാത്താൻ അവന്റെ (കുതികാൽ തകർത്തു[16]) എങ്കിലും ക്രിസ്തു പിശാചിന്റെ "തല" തകർത്തു (അവന്റെ അധികാരവും ശക്തിയും) ഇല്ലാതാക്കി. അതുകൊണ്ട്, പിശാചിന്റെ വീഴ്ച്ചയെ കുറിച്ച് ജോൺ സ്ക്കോട്ട് എഴുതി,

ദൈവപുത്രന്റെ വരവോടുകൂടിയാണ് പിശാചിന്റെ മറിച്ചിടൽ തുടങ്ങുന്നത്, പക്ഷെ പിശാചിന് അവനോട് “ഒരു കാര്യവുമില്ല” (യോഹ 14:30). “പിശാചിന്റെ പ്രവൃത്തികളെ” അഴിപ്പാനായിരുന്നു [ക്രിസ്തു] പ്രത്യക്ഷനായത് (1 യോഹ 3:8). അത് അവൻ ഉയർന്ന മരണത്താലും ഉയിർപ്പിനാലും നേടിയെടുത്തു.[17]

യേശു ജഡത്തിൽ വന്നതിന്റെ ഉദ്ദേശം എബ്രായലേഖകൻ വ്യക്തമാക്കുന്നു, “മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ *മരണത്താൽ* നീക്കേണ്ടതിനായിരുന്നു അവൻ മക്കളെപോലെ ജഢരക്തത്തോടുകൂടിയവനായത്” (എബ്രായർ 2:14; എംഫസിസ് മൈൻ). യേശു മരിച്ചപ്പോൾ, “അവൻ വാഴ്ച്ചകളേയും അധികാരങ്ങളേയും ആയുധവർഗ്ഗം വെപ്പിച്ചു പരസ്യമായ കാഴ്ച്ചയാക്കി” എന്നാണ് പൗലൊസ് പറഞ്ഞത് (കൊലൊസ്യർ 2:15; വാക്യം 14 കൂടെ നോക്കുക). യേശു ഇപ്പോൾ, “സ്വർഗത്തിലേക്ക് പോയി ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. *അനന്തരം* ദൂതന്മാരും, അധികാരങ്ങളും, ശക്തികളും അവന് കീഴ്പ്പെട്ടിരിക്കുന്നു” (1 പത്രൊസ് 3:22; എംഫസിസ് മൈൻ).

യേശുവിനെ കൊല്ലുവാൻ യെഹൂദന്മാരെയും റോമാക്കാരെയും ഇളക്കിവിട്ടുകൊണ്ട് അവന്റെ വികാരത്തെയായിരുന്നു[18] പിശാച് അവസാനമായി കടന്നാക്രമിച്ചത്. ക്രിസ്തുവിനെ ക്രൂശിലേക്ക് അയച്ചപ്പോൾ, താൻ ജയിച്ചു എന്ന് സാത്താൻ വിചാരിച്ചുകാണും – എന്നാൽ പിശാചിന് അവനിൽ മോശമായതൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല.[19] പിലാത്തൊസിന്റെ കോടതിയിൽ പിശാച് വിജയിച്ചിരിക്കാം, പക്ഷെ ദൈവം ആ തീരുമാനത്തെ ഉയർത്തെഴുന്നേൽപുകൊണ്ട്[20] തിരിച്ചടിച്ചു!

നമ്മുടെ വേദഭാഗത്തേക്ക് നമുക്ക് തിരിച്ചുപോകാം. യേശുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ് എന്നിവക്കുശേഷം, “സ്വർഗത്തിൽ പിന്നെ [സാത്താന്റേയും അവന്റെ ദൂതന്മാരുടേയും] സ്ഥാനം പിന്നെ കണ്ടില്ല” (വാ. 8). മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുൻപ് സാത്താന് ഉയർന്ന ഒരു സ്ഥാനമുണ്ടായിരുന്നു എന്ന് ഈ വേദഭാഗം പഠിപ്പിക്കുന്നില്ല. മറിച്ച്, തിന്മയുടെ ശക്തി പരാജയപ്പെട്ടുവെന്നും, മനുഷ്യരിൽ പിശാചിന് ചെലുത്താവുന്ന ശക്തി കുറഞ്ഞു എന്നുമാണ് അത് വ്യക്തമാക്കുന്നത്. ഹോമർ ഹെയ്‌ലി എഴുതി, “പോരാട്ടത്തിൽ സാത്താൻ പരാജയപ്പെടുകയും, മനുഷ്യരിൽ അവനു ചെലുത്താവുന്ന ഉയർന്ന-സ്വാധീനശക്തി കുറയുകയും ചെയ്തു.”[21]

അവന് വഞ്ചിക്കുവാനുള്ള കഴിവ് കുറഞ്ഞു എന്നതാണ്, പിശാചിന്റെ ശക്തി ക്ഷയിച്ച ഒരു ഭാഗം: വാക്യം 9-ൽ നമ്മോട് പറയുന്നു, “ഭൂതലത്തെ മുഴുവൻ *തെറ്റിച്ചുകളയുന്ന* പിശാചിനെ; ... തള്ളിയിട്ടു.” (എംഫസിസ് മൈൻ.) ഇരുട്ടിൽ വഞ്ചിക്കുക എളുപ്പമാണ് – എന്നാൽ എവിടെയെല്ലാം സുവിശേഷം പോയിട്ടുണ്ടോ, അവിടെയെല്ലാം പലരുടേയും ഉള്ളിൽനിന്ന് ഇരുട്ട് നീങ്ങിയിട്ടുണ്ട്. ഞാൻ ഇത് എഴുതുമ്പോൾ, മായാജാലക്കാർ ഒരു സ്റ്റേജ് ഷോയ്ക്ക് ഒരുങ്ങുകയായിരുന്നു. അവർ ഡ്രസ് റിഹേഴ്സൽ നടത്തുമ്പോൾ ലൈറ്റ് ഏർപ്പാടുകൾ നോക്കുമായിരുന്നു. അവർ മങ്ങിയ പ്രകാശത്തിൽ എന്തെങ്കിലും സൂത്രം കാണിക്കുമെന്നല്ല ഞാൻ പറഞ്ഞത്, പിന്നെയോ അവരുടെ ചില പ്രവൃത്തികൾക്ക് അമിതമായ വെളിച്ചം അപകടകരമാണ്. അതുപോലെ സുവിശേഷത്തിന്റെ അത്ഭുതപ്രകാശം പിശാചിന്റെ ഉദ്ദേശങ്ങൾക്ക് അപകടമാണ്.

എങ്ങനെയായാലും, സന്ദർഭത്തിൽ, സാത്താനെ തള്ളിയിട്ടു എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്, പീശാചിന് ദൈവത്തോട് കുറ്റം പറയുവാനുള്ള കഴിവ് കുറഞ്ഞു എന്നാണ്. ഗാനത്താൽ വിജയം ആഘോഷിച്ചപ്പോൾ, സ്വർഗത്തിൽനിന്ന് ഒരു ശബ്ദം പറഞ്ഞു, "നമ്മുടെ സഹോദരന്മാരെ *രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന* അപവാദിയെ തള്ളിയിട്ടുകളഞ്ഞുവല്ലോ. അവനെ കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു" (12:10, 11; എംഫസിസ് മൈൻ).

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, പിശാചാണ് നമ്മുടെ ശത്രു എന്ന് സൂചിപ്പിച്ച്, അവൻ ഇയ്യോബിന് ദൈവം നൽകിയ ഉപകാരങ്ങൾ നിമിത്തമാണ് ഇയ്യോബ് ദൈവത്തെ സേവിക്കുന്നതെന്ന് കുറ്റപ്പെടുത്തിയതായി പറയുകയുണ്ടായി. അത്തരത്തിൽ അവൻ ദൈവജനത്തെ "രാപ്പകൽ" കുറ്റം ചുമത്തിക്കൊണ്ടിരിക്കയായിരുന്നു. അവൻ ഒരിക്കലും നിർത്തുന്നില്ല; അവൻ അവധി എടുക്കുകയില്ല. അവൻ നീതിമാന്മാരുടെ ന്യൂനതകൾ എടുത്തുകാണിച്ചു കൊണ്ടാണിരുന്നത്, എന്നാൽ ക്രൂശ് ആ "മുള്ള്" വിശ്വസ്തരായവരിൽനിന്ന് നീക്കിക്കളഞ്ഞു.

സ്വർഗത്തിലെ ഒരു കോടതി മുറി ചിത്രീകരിച്ച് ഒരു പ്രാസംഗികൻ വർഷങ്ങൾക്ക് മുൻപ് ഇപ്രകാരം പ്രസംഗിച്ചതായി ഞാൻ കേട്ടു. ന്യായാധിപനായ ദൈവമുൻപാകെ വിചാരണക്കായി ഒരു ക്രിസ്ത്യാനി നിന്നു. അവൻ കുറ്റവാളി ആയിരുന്നു എന്ന് തെളിയിക്കുവാൻ ആ ക്രിസ്ത്യാനിയെ കുറിച്ച് ഒരു നീണ്ട ലിസ്റ്റുമായിട്ട് പിശാചെന്ന ഉപദ്രവകാരിയായ അഭിഭാഷകൻ എഴുന്നേറ്റപ്പോൾ, ക്രിസ്ത്യാനിയുടെ മുഖം വിളറി അപ്പോൾ യേശു ക്രിസ്ത്യാനിയുടെ അരുകിൽനിന്നു അവനെ കെട്ടിപ്പിടിച്ച് പറഞ്ഞു, "ആ അകൃത്യങ്ങൾക്കെല്ലാം പിഴ ഒടുക്കിക്കഴിഞ്ഞു, ഞാൻ മരിച്ചത്, ഇവന്റെ പാപങ്ങൾക്ക് കൂടെ വേണ്ടിയാണ്." "കുറ്റവാളി അല്ല!" എന്ന് ന്യായാധിപൻ ഡെസ്കിൽ അടിച്ചു പ്രഖ്യാപിച്ചു.

സംഭവം കെട്ടുകഥ ആണ്, എന്നാൽ അത്തരം കോടതിമുറിയുടെ ഭാവനയാണ് തിരുവെഴുത്തിൽ നാം കാണുന്നത്. "എല്ലാവരുടേയും ന്യായാധിപൻ ദൈവമാണ്" (എബ്രായർ 12:23). നാം പാപം ചെയ്താൽ, "നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കലുണ്ട്" (1 യോഹന്നാൻ 2:1). മറ്റുള്ളവരെ കോടതിയിൽ കുറ്റം ചുമത്തി ഉപജീവനം നടത്തിയിരുന്നവരെയാണ് "കുറ്റം ചുമത്തുന്നവർ" എന്ന വാക്കുകൊണ്ട് പുതിയനിയമകാലത്ത് ഉദ്ദേശിച്ചിരുന്നത്.[22] അതുകൊണ്ട്, ജെ. ബി. കെയിഡ് എഴുതി, മിഖായേലും സാത്താനും തമ്മിലുള്ള യുദ്ധത്തെ യോഹന്നാൻ സൈനിക വാക്കുകളിൽ പറഞ്ഞിരിക്കുന്നുവെങ്കിലും, അത് നിശ്ചയമായും എതിരാളികൾ തമ്മിലുള്ള നി. "യമപരമായ ഒരു യുദ്ധമായിരുന്നു ..." അവൻ പിന്നെ ആ നിയമപരമായ പോരാട്ടത്തെ നിരീക്ഷിച്ചു "ഫലമൊ ഒരാൾ അയോഗ്യനാക്കപ്പെട്ടു."[23] ജെ. ഡബ്ലിയു. റോബർട്ട്സ് ഫലത്തെ അതേ വാക്കുകളിൽ ചുരുക്കി പറയുന്നു: "തൽഫലമായി ഉപദ്രവിക്കുന്ന അഭിഭാഷകന് പിന്നെ കോടതിയിൽ പരിശീലിക്കുവാനുള്ള അവകാശം നഷ്ടമായി."[24]

സഹോദരന്മാരെ കുറ്റം ചുമത്തുന്ന സാത്താന്റെ കഴിവ് നഷ്ടമായതിനെ വിവരിക്കുന്ന ഏറ്റവും നല്ല വ്യാഖ്യാനമാണ് റോമർ 8:

> അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയുമില്ല.

> … ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്ക് പ്രതികൂലം ആർ? … സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ അവനോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ? ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം, ശിക്ഷവിധിക്കുന്നവൻ ആർ? ക്രിസ്തുയേശു മരിച്ചവൻ, മരിച്ച് ഉയർത്തെഴുന്നേറ്റവൻ തന്നെ. അവൻ ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കയും നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുകയും ചെയ്യുന്നു (വാ. 1, 31-34).

33 ഉം 34 ഉം വാക്യങ്ങൾ സിഇഎസ്‌വി തർജിമ ചെയ്യുന്നത് ഇപ്രകാരമാണ് (ഞാൻ ബ്രാക്കറ്റിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ഒഴിച്ച്): "തിരഞ്ഞെടുത്തവരെ താൻ സ്വീകരിക്കുന്നുവെന്ന് ദൈവം പറയുന്നുവെങ്കിൽ, പിന്നെ [പിശാചടക്കം] ആർക്ക് അവരെ കുറ്റപ്പെടുത്തുവാൻ കഴിയും? അല്ലെങ്കിൽ [സാത്താൻ] അടക്കം ആർക്ക് അവരെ കുറ്റംവിധിക്കുവാൻ കഴിയും? തീർച്ചയായും ഇല്ല! ക്രിസ്തു … നമുക്കുവേണ്ടി ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്ന്. അവനോട് സംസാരിക്കുന്നു." റോബർട്ട് മൗൺസ് പറഞ്ഞതുപോലെ, "നീതിമാന്മാർക്കെതിരെയുള്ള ആരോപണം പിശാച് രാപ്പകൽ നടത്തിയിരുന്നു, എന്നാൽ ദൈവം തിരഞ്ഞെടുത്തവരുടെമേൽ കുറ്റം ചുമത്തി വിജയിക്കുവാൻ അവന് കഴിയുന്നില്ല (റോമർ 8:33-34)"[25] വിജയിക്കുവാൻ എന്നത് അടിവരയിടുക. പിശാച് ഇപ്പോഴും വിശ്വസ്തരിൽ കുറ്റം ചുമത്തും, പക്ഷെ, "ദൈവം തിരഞ്ഞെടുത്തവരിൽ ചുമത്തുന്ന കുറ്റം അവൻ ശ്രദ്ധിക്കുകയില്ല."[26] "യേശുവിന്റെ മരണം സാത്താന്റെ വായടച്ചു!"[27] എന്നാണ് എലിസൺ പറഞ്ഞത്.

വാക്യം 9-ൽ സാത്താന്റെ ആത്മിയ "അയോഗ്യത" ആലങ്കാരികമായി വരച്ചുകാണിച്ചിരിക്കുന്നു: "ഭൂതലത്തെ മുഴുവൻ തെറ്റിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്ക് തള്ളിക്കളഞ്ഞു".[28] (ഈ പാഠത്തിന്റെ അവസാനം വരുന്ന "മിഖായേൽ മഹാസർപ്പത്തെ പരാജയപ്പെടുത്തുന്നു" എന്ന ചിത്രീകരണം നോക്കുക.)

സാത്താനെ പരാജയപ്പെടുത്തി. അതിനർത്ഥം അവൻ പ്രവർത്തിക്കുന്നില്ല എന്നർത്ഥമാക്കരുത്; അതിനർത്ഥം ഇനി പോരാട്ടം ഉണ്ടാകുകയില്ല എന്നല്ല. അത് അർത്ഥമാക്കുന്നത്, നാം പരാജയപ്പെട്ട ശത്രുവിനോടാണ് പോരാടുന്നത് എന്നത്രെ. "ക്രിസ്ത്യാനികൾ വിജയത്തിനായിട്ടല്ല പ്രവർത്തിക്കുന്നത് … പിന്നെയോ നേടിയ വിജയത്തിൽനിന്നാണ് പ്രവർത്തിക്കുന്നത്"![29]

## പിശാചിന്റെ പരാജയത്തിന് കാരണം (12:10-12)

വാക്യങ്ങൾ 10 മുതൽ 12 വരെ പിശാചിന്റെ പരാജയം ആഘോഷിക്കുന്നു. യോഹന്നാൻ എഴുതി, "അപ്പോൾ ഞാൻ സ്വർഗത്തിൽ ഒരു മഹാശബ്ദം പറഞ്ഞു കേട്ടത്, …" (വാ. 10). സ്വർഗീയ ഗായകസംഘത്തിൽനിന്നായിരുന്നു ആ മഹാശബ്ദം.[30]

### വിജയത്തിന്റെ ഫലങ്ങൾ

ആ ശബ്ദം ആദ്യം വിജയത്തിന്റെ ഫലമായിരുന്നു പ്രഖ്യാപിച്ചത്: "ഇപ്പോൾ നമ്മുടെ ദൈവത്തിന്റെ രക്ഷയും ശക്തിയും രാജ്യവും അവന്റെ ക്രിസ്തുവിന്റെ ആധിപത്യവും തുടങ്ങിയിരിക്കുന്നു" (വാ. 10). "രക്ഷ," "ശക്തി,"

“രാജ്യം,” “ആധിപത്യം” എന്നീ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത് ഭാവിയിൽ വരുവാനിരിക്കുന്ന വാഴ്ച്ചയെയല്ല സൂചിപ്പിക്കുന്നത്, പിന്നെയോ, യേശുവിന്റെ മരണം, അടക്കം, ഉയർപ്പ് എന്നിവക്ക് ശേഷം ഉടനെ സംഭവിക്കുന്ന ഒന്നാണ്: അവന്റെ മരണമാണ് *രക്ഷ* സാധ്യമാക്കിയത് (റോമർ 5:9; മർക്കൊസ് 15:15, 16). തന്റെ ഉയിർപ്പിനുശേഷം, യേശു പറഞ്ഞു, “സ്വർഗത്തിലും ഭൂമിയിലും *സകല അധികാരവും* എനിക്ക് നൽകപ്പെട്ടിരിക്കുന്നു” (മത്തായി 28:18; എംഫസിസ് മൈൻ). ക്രിസ്തുവിന്റ ഉയർപ്പ് കഴിഞ്ഞ് ആദ്യത്തെ പെന്തെകൊസ്തുനാളിൽ രാജ്യം ശക്തിയോടുകൂടെ വന്നു (മർക്കൊസ് 9:1; പ്രവൃത്തികൾ 1:8; 2:1, 4); അവന്റെ സഭ സ്ഥാപിക്കപ്പെട്ടു. ആ സത്യങ്ങൾ മനസിലാക്കി വളർന്ന നാം ചിലപ്പോൾ അത് അത്ര ഗൗരവമായി എടുക്കുകയില്ല, പക്ഷെ അക്കാരണത്താലാണ് നമുക്ക് തുടർച്ചയായി സന്തോഷിക്കുവാൻ കഴിയുന്നത്!

**വിജയത്തിന്റെ ഉറവിടം (വാ. 11, 12)**

ഇത് നമ്മെ വേദഭാഗത്തിന്റെ മുഖ്യഭാഗമായ വാക്യം 11 ലേക്ക് കൊണ്ടുവരുന്നു. വാക്യം 11 വിജയത്തിന്റെ പ്രഥമ ഉറവിടവും, രണ്ടാമത്തെ ഉറവിടവും വ്യക്തമാക്കുന്നു: “അവർ [കുറ്റം ചുമത്തപ്പെട്ട സഹോദരന്മാർ] അവനെ [സാത്താനെ] കുഞ്ഞാടിന്റെ രക്തം ഹേതുവായിട്ടും തങ്ങളുടെ സാക്ഷ്യവചനം ഹേതുവായിട്ടും ജയിച്ചു” (വാ. 11) “ജയിച്ചു” എന്നതിന്റെ അർത്ഥം “മേൽ വിജയം”[31] എന്നാണ്. “ദൈവത്തിന്റെ കുഞ്ഞാട് യാഗമായി തീർന്നതിന്റെ ചുരുക്കമാണ്,” “കുഞ്ഞാടിന്റെ രക്തം ...”.[32]

മിഖായേൽ ഒരു ധീരപോരാളിയായതുകൊണ്ട് യുദ്ധം ജയിച്ചു എന്ന് അവിടെ പറയുന്നില്ല. ക്രിസ്ത്യാനികളുടെ ശക്തിയും ബലവും കൊണ്ട് അവർ സാത്താനെ ജയിച്ചു എന്നും വേദഭാഗം പറയുന്നില്ല. അവരുടെ വർദ്ധിച്ച അംഗസംഖ്യകൊണ്ടല്ല അവർ ജയിച്ചത്. അവർ അനവധിപേരിൽ കുറെ പേർ മാത്രമായിരുന്നു.

> ... വിശുദ്ധന്മാർ അവരുടെ പണംകൊണ്ടല്ല വിജയിച്ചത്, അല്ലെങ്കിൽ സമൂഹത്തിൽ അവർക്കുണ്ടായിരുന്ന ഉയർന്ന നിലവാരം കൊണ്ടുമല്ല. അവർക്ക് ഇവയൊന്നുമില്ലായിരുന്നു. അവരുടെ സ്വാധീനം നിമിത്തവുമല്ല അവർ ജയിച്ചത്. ജയിച്ചത് ... ഉപദ്രവത്തിൽനിനും മരണത്തിൽനിന്നും അവർക്ക് സ്വയം രക്ഷപ്പെടാനോ അല്ലെങ്കിൽ തുറുങ്കലോ തടവോ ഒഴിവാക്കുവാൻ മതിയായ യാതൊരു [സ്വാധീനവും] അവർക്കില്ലായിരുന്നു.[33]

മറിച്ച്, വിജയത്തിന്റെ പ്രാഥമിക ഉറവിടം, “കുഞ്ഞാടിന്റെ രക്തം ആയിരുന്നു.” സർപ്പത്തെ ഭൂമിയിലേക്ക് തള്ളിയിടുന്ന കാഴ്ച്ച ബ്രയൻ വരച്ചിരിക്കുന്നത് ശ്രദ്ധിക്കുക, അതിൽ ക്രൂശിന്റെ നിഴൽ നിങ്ങൾക്ക് മേഘത്തിൽ കാണുവാൻ കഴിയും.

അടുത്ത കാലത്ത്, “രക്തം” “ആധുനികമനുഷ്യന്റെ വൈമുഖ്യം” കാരണം ചില നാമധേയവിഭാഗക്കാർ അവരുടെ പാട്ടുപുസ്തകങ്ങളിൽനിന്ന് ആ വാക്ക് നീക്കം ചെയ്യുകയുണ്ടായി. എന്നിരുന്നാലും, നമ്മുടെ രക്ഷ യേശുവിന്റെ രക്തം മൂലമാണെന്ന് ബൈബിൾ ഇപ്പോഴും പഠിപ്പിക്കുന്നു.

> നിത്യാത്മാവിനാൽ ദൈവത്തിന്നു തന്നെത്താൻ നിഷ്ക്കളങ്കനായി

അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസാക്ഷിയെ നിർജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും? (എബ്രായർ 9:14).

വ്യർത്ഥവും പിതൃപാരമ്പര്യവുമായ നിങ്ങളുടെ നടപ്പിൽനിന്ന് നിങ്ങളെ വീണ്ടെടുത്തിരിക്കുന്നത് പൊന്ന്, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെ കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്ക്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തം കൊണ്ടത്രെ എന്നു നിങ്ങൾ അറിയുന്നുവല്ലോ (1 പത്രൊസ് 1:18, 19).

നമ്മെ സ്നേഹിച്ച് തന്റെ രക്തത്താൽ നമ്മെ വിടുവിക്കുന്നവനുമായവന്നു സ്തോത്രം (വെളിപ്പാട് 1:5).

നാം കർത്താവിൽ ആശ്രയിച്ച് അവന്റെ നാമത്തിൽ സ്നാനം (മുങ്ങൽ) ഏൽക്കുമ്പോൾ യേശുവിന്റെ രക്തം നമ്മെ സകല പാപങ്ങളും പോക്കി ശുദ്ധീകരിക്കുന്നു (വെളിപ്പാട് 7:14; പ്രവൃത്തികൾ 22:16). തുടർന്ന് നാം വചനവെളിച്ചത്തിൽ നടന്നാൽ, തുടർന്നും അവന്റെ രക്തം നമ്മെ ശുദ്ധീകരിച്ചുകൊണ്ടിരിക്കും (1 യോഹന്നാൻ 1:7).

ഓരോ വർഷവും ഹൃദയാഘാതം മൂലം നൂറ് കണക്കിനും ആയിരക്കണക്കിനും ആളുകൾ മരിക്കുന്നുണ്ട്. അവരിൽ അധികം പേരും രക്തസമ്മർദ്ദം കൊണ്ടാണ് മരിക്കുന്നത് എന്നാണ് ലഭിക്കുന്ന വിവരം. ഒരു കാരണത്താലോ അല്ലെങ്കിൽ മറ്റൊരു കാരണത്താലോ രക്തം, ഹൃദയത്തിലേക്കോ, വൃക്കയിലേക്കോ, ശ്വാസകോശത്തിലേക്കോ, തലച്ചോറിലേക്കോ എത്തുന്നില്ല. നമ്മുടെ പ്രധാന അവയവങ്ങളിലേക്ക് ശരിയായ രക്തപ്രവാഹമുണ്ടാകണം, അല്ലെങ്കിൽ നാം മരിക്കും. അതുപോലെ, നാം എന്നേക്കും ജീവിക്കേണ്ടതിന്ന് നമ്മുടെ ആത്മാക്കളിലേക്ക് ക്രിസ്തുവിന്റെ രക്തം തുടർച്ചയായി എത്തണം![34] കാൽവരിയിൽ പിശാചിന്റെ മരണ-മുഴക്കമാണ് കേട്ടതെങ്കിൽ, നമ്മുടെ ജീവന്റെ-മുഴക്കവും അവിടെനിന്നാണ് കേൾക്കുന്നത്.[35]

യേശുവിന്റെ രക്തത്താലാണ് രക്ഷിക്കപ്പെടുന്നതെന്ന് നിങ്ങൾ മനസിലാക്കുമ്പോൾ, താഴെ കൊടുത്തിരിക്കുന്ന വാക്കുകൾക്ക് പ്രത്യേക അർത്ഥം ഉളവാക്കുന്നു:

എന്റെ പാപം - ഓ ആ മഹത്തായ ചിന്ത - എന്റെ പാപം, എനിക്ക് വഹിക്കുവാൻ കഴിയാഞ്ഞപ്പോൾ,
കുറെയല്ല, മുഴുവനായും ക്രൂശിൽ തറെച്ചു;
എന്റെ ആത്മാവേ, കർത്താവിന്നു സ്തോത്രം, കർത്താവിന് സ്തോത്രം![36]

വാക്യം 11 വിജയത്തിന്റെ രണ്ടമത്തെ ഉറവിടം നൽകുന്നു: മനുഷ്യൻ ക്രൂശിനെ അനുസരണത്തിലൂടെയാണ് സ്വീകരിക്കുന്നത്.[37] യേശു എല്ലാവർക്കും വേണ്ടിയാണ് മരിച്ചത് (2 കൊരിന്ത്യർ 5:15; തിത്തൊസ് 2:11), എന്നാൽ എല്ലാവരും രക്ഷിക്കപ്പെടുകയില്ല (മത്തായി 7:13, 14). കർത്താവിനാൽ ലഭ്യമാക്കിയ രക്ഷ സ്വീകരിക്കണോ വേണ്ടയോ എന്ന് ഓരോ വ്യക്തിയും തീരുമാനിക്കണം.

വിശ്വസ്തരായ ക്രിസ്ത്യാനികളുടെ ജീവിതത്തിന്റെ രണ്ടു വശങ്ങൾ വാക്യം

11 പറയുന്നു: (1) അവർ ക്രിസ്തുവിനോട് സമർപ്പണമുള്ളവരായിരുന്നു: "അവരുടെ സാക്ഷ്യവചനത്താൽ അവർ ... [സാത്താനെ] ജയിച്ചു" (വാ. 11). യേശുവിനെ പ്രസംഗിക്കുന്നതിൽ അവർ വിശ്വസ്തരായിരുന്നു. "എല്ലാ സംഭവങ്ങളിൽ വെച്ച് പിശാച് ഏറ്റവും വെറുക്കുന്നത് സുവിശേഷസംഭവങ്ങളാണ്. അവനെ എന്തെല്ലാം വാക്കുകൾ കോപാകുലനാക്കുന്നുവോ അതിനേക്കാൾ ഏറ്റവും കോപം ജനിപ്പിക്കുന്നതാണ്, യേശുവിനെ കുറിച്ചുള്ള സംസാരം."[38] അതിനു പുറമെ, യേശുവിനുവേണ്ടി ജീവിക്കുന്നതിൽ അവർ വിശ്വസ്തരായിരുന്നു. "സർപ്പം രൂപപ്പെടുത്തിയ ലോകത്തിൽ അവർ ക്രിസ്തുവിന്റെ രൂപത്തോട് അനുരൂപപ്പെട്ടു ജീവിച്ചു."[39]

(2) ഭീഷണിക്കിരയായെങ്കിലും, അവർ വിശ്വസ്തരായിരുന്നു: "അവർ മരണപര്യന്തം തങ്ങളുടെ പ്രാണനെ സ്നേഹിച്ചതുമില്ല" (വാ. 11). യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൻ അതിനെ കളയും.; ആരെങ്കിലും എന്റേയും സുവിശേഷത്തിന്റേയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും" (മർക്കൊസ് 8:35; യോഹന്നാൻ 12:24, 25). ക്രിസ്തു പറഞ്ഞതും യോഹന്നാൻ പറഞ്ഞതുമായ വാക്കുകളോട് യോജിക്കുന്നതാണ് പൗലൊസ് തന്റെ സ്നേഹിതന്മാരോട് പറഞ്ഞത്,

> ... എങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന്നു സാക്ഷ്യം പറയേണ്ടതിന്നു കർത്താവായ യേശു തന്ന ശുശ്രൂഷയും തികക്കേണം എന്നേയുള്ളു (പ്രവൃത്തികൾ 20:24).

> ... കർത്താവായ യേശുവിന്റെ നാമത്തിന്നുവേണ്ടി ബന്ധിക്കപ്പെടുവാൻ മാത്രമല്ല, യെരുശലേമിൽ മരിപ്പാനും ഞാൻ ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞു (പ്രവൃത്തികൾ 21:13).

ആദ്യക്രിസ്ത്യാനികളുടെ വിശ്വസ്തതയെ കുറിച്ച് ക്ലോവിസ് ചാപ്പലിന് ഇതാണ് പറയുവാനുണ്ടായിരുന്നത്:

> വിജയത്തിന് ആവശ്യമായ വിലകൊടുപ്പാൻ അവർ ഒരുക്കമായിരുന്നതുകൊണ്ട് അവർ വിജയിച്ചു. അവർ വിലപേശൽ നടത്താതിരുന്നതുകൊണ്ട് അവർ വിജയിച്ചു. അവർ വാക്കുകളെ കുറിച്ച് തർക്കിച്ചിരുന്നില്ല ... അവർ വൃത്തികെട്ട രീതിയിൽ വില പേശിയില്ല ... അത്തരം ഉയർന്ന നേട്ടത്തിന് വേണ്ട എന്ത് കൊടുത്താലും എല്ലാം കൊടുത്താൽ പോലും, ജീവൻ തന്നേ കൊടുത്താലും അധികമാകുകയില്ല എന്നു മനസിലാക്കിയതുകൊണ്ട് അവർ ജയിച്ചു.[40]

വിശുദ്ധന്മാർ രക്തസാക്ഷിത്വത്തെ ഇഷ്ടപ്പെട്ടിരുന്നു എന്ന് "നമ്മുടെ വേദഭാഗം പഠിപ്പിക്കുന്നില്ല. അവർ തങ്ങളുടെ 'പ്രാണനെ' വിലമതിച്ചില്ല എന്നാണ് അവിടെ പറയുന്നത്. മരണത്തെ അവർ എങ്ങനെ നോക്കിക്കണ്ടു എന്നല്ല, മറിച്ച് ജീവിതത്തെ അവർ എങ്ങനെ വീക്ഷിച്ചു എന്നാണ് പറയുന്നത്!"[41]ചിലർ തങ്ങളുടെ വിശ്വാസത്തിനുവേണ്ടി മരിച്ചു, എന്നാൽ മറ്റുള്ളവർ അങ്ങനെയല്ല; എന്നാൽ എല്ലാവർക്കും "രക്തസാക്ഷിത്വ" മനോഭാവം[42] ഉണ്ടായിരുന്നു. തങ്ങൾ വിശ്വസിച്ചതിനുവേണ്ടി മരിക്കുവാൻ അവർ തയ്യാറായി. അവർ തങ്ങളുടെ മുൻഗണനയനുസരിച്ചു പ്രവർത്തിച്ചതുകൊണ്ട്, പി

ശാച് അതിജീവിച്ച് ജയിച്ചുവെന്ന് വിചാരിച്ച നിമിഷം തന്നെ - അവൻ അവരെ കൊന്ന പ്പോൾ - അവൻ പരാജയപ്പെടുകയും അവർ ജയിക്കുകയും ചെയ്തു.[43]

അതുകൊണ്ട് ആ ശബ്ദം പറഞ്ഞു, "ആകയാൽ സ്വർഗവും[44] അതിൽ വസി ക്കുന്നോരുമായുള്ളോരേ ആനന്ദിപ്പിൻ" (വാ. 12). ആ വാക്കുകൾ ഭൂമി വിട്ട് പോയ ക്രിസ്ത്യാനികളെ കുറിച്ചായിരിക്കാം ഒരുപക്ഷെ പറഞ്ഞത്. അവർ രക്ഷിക്കപ്പെട്ടതു കൊണ്ടും സർപ്പത്തിൽനിന്നു മോചിതരായതുകൊണ്ടുമാണ് ആനന്ദിക്കുന്നത്.

## പിശാച് പരാജയപ്പെട്ടതിന്റെ ഫലങ്ങൾ (12:12)

വാക്യം 12 ന്റെ അവസാനവും വിജയഗാനം തുടരുകയാണ്, എന്നാൽ ഞാൻ അത് വേർപെടുത്തി നിർത്തുവാൻ കാരണം, പിശാചിന്റെ പരാജയഫലങ്ങൾ പറയുന്നതു നിമിത്തമാണ്. അവന്റെ പരാജയം ആനന്ദിക്കുവാൻ മാത്രമല്ല കാരണമാകുന്നത്; അത് കരയുവാനുള്ളതുകൂടിയാകുന്നു. സർപ്പത്തെ പരാജയപ്പെടുത്തിയെങ്കിലും, അവനെ ന ശിപ്പിച്ചില്ല. പരാജയപ്പെട്ട സർപ്പം അസന്തുഷ്ടനാണ്. അവൻ തകർക്കപ്പെടുന്നതുവരെ അവന്റെ കോപം തുടരും. അവൻ തന്റെ കോപം - ആരിലെങ്കിലും, എപ്പോഴെങ്കിലും തീർക്കുവാൻ ശ്രമിക്കും.

അതുകൊണ്ട് അവരെ മുന്നറിയിച്ചു, "ഭൂമിക്കും സമുദ്രത്തിനും അയ്യോ കഷ്ടം, പി ശാച് തനിക്ക് അല്പകാലമേയുള്ളു എന്നു അറിഞ്ഞു മഹാക്രോധത്തോടെ നിങ്ങ ളുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു" (വാ. 12). പിശാചിന് സ്വാധീനിക്കുവാൻ കഴിയുന്ന മേഖലയാണ് "ഭൂമിയും സമുദ്രവും."[45] " 'ഭൂമിയിലും സമുദ്രത്തിലും വസി ക്കുന്നവരുടെ' ക്ഷേമത്തെ കരുതാത്ത പിശാച് അവന്റെ അവസാനം വരെ അല്ലെങ്കിൽ അവരുടെ മരണം വരെ അവരെ ഉപയോഗിച്ചുകൊണ്ടിരിക്കും."[46]

അവന് "അല്പകാലമേയുള്ളു" എന്നറിവുള്ളതുകൊണ്ടാണ് പിശാച് "മഹാക്രോ ധത്തോടെ" വരുന്നത് (12:12). "അവന്റെ ദിവസങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു."[47] തനിക്ക് നേരിടുവാനിരിക്കുന്ന വിധി അവന് അറിയാവുന്നതാണ് (20:10). ആകയാൽ അവർ കർത്താവിന്റെ അനുയായികളെ എത്രത്തോളം ഉപദ്രവിക്കയും വേദനിപ്പിക്കയും ചെയ്യാമോ എന്ന് നോക്കും.

ഞാൻ ഒരു കുട്ടിയായിരുന്നപ്പോൾ, മുറിവേറ്റ മൃഗങ്ങളുടെ അടുത്ത് പോക രുതെന്ന മുന്നറിയിപ്പ് എനിക്ക് ലഭിച്ചിരുന്നു. മുറിവേറ്റ മൃഗം മുൻപിൽ കാണുന്ന ആരെയും എന്തിനേയും ഉപദ്രവിക്കും. അദ്ധ്യായം 12 ന്റെ അവസാനം സർപ്പം മുറി വേറ്റ ഒരു മൃഗത്തെപ്പോലെ, അപകടകാരിയാണെന്ന് കാണാം. ലിയോൺ മോറിസ് ഇങ്ങനെ എഴുതി, "ഉപദ്രവിക്കപ്പെടുന്ന ക്രിസ്ത്യാനികളുടെ കുഴപ്പങ്ങൾക്ക് കാരണം സാത്താൻ ശക്തനായതുകൊണ്ടല്ല, പിന്നെയോ അവൻ പരാജിതനായതുകൊണ്ടാ ണ്."[48] ദൈവജനത്തിന്മേലുള്ള അവന്റെ മ്ലേച്ഛപ്രവൃത്തികൾ "കീഴടങ്ങേണ്ടി വന്ന ശത്രുവിന്റെ അവസാന സംക്ഷോഭമാണ്."[49]

ഇവയെല്ലാം വിശദമാക്കുന്നത് പിശാച് എന്തുകൊണ്ട് കോപിച്ച് ക്രിസ്ത്യാനികളെ നശിപ്പിക്കുവാൻ വരുന്നു എന്നാണ്. അദ്ധ്യായം 12 നെ കുറിച്ചുള്ള, ശേഷിച്ച സംഭവ ങ്ങൾ, നാം നമ്മുടെ അടുത്ത (അവസാന) പാഠത്തിൽ നാം കാണും.

### ഉപസംഹാരം

സാത്താന്റെ തല തകർക്കുവാൻ യേശുവിനെ ശക്തനാക്കിയ അതേ ദൈവം, "ഉടനെ സാത്താനെ അവന്റെ കീൽക്കീഴാക്കി മെതിക്കും" (റോമർ 16:20; എംഫസിസ് മൈൻ). വാക്യം 11 ലേതുപോലെ, നിങ്ങൾ വില കൊടുപ്പാൻ തയ്യാറാണെങ്കിൽ, ദൈ

ദവം യേശു മുഖാന്തരം നിങ്ങൾക്ക് ജയം നൽകും.

ഇംഗ്ലീഷ് ഇതിഹാസങ്ങളിൽ അറിയ-പ്പെടുന്ന ഒരു രാജാവായിരുന്നു ആർതർ, അയാൾക്ക് ഒരു വലിയ വട്ടമേശയും അതിനു ചുറ്റും വീരയോദ്ധാക്കളുടെ സമ്മേളന വും ഉണ്ടായിരുന്നതായി പറഞ്ഞു കേട്ടിട്ടുണ്ട്. ദേശത്തെ നശിപ്പിക്കുന്ന തീ-തുപ്പുന്ന സർപ്പങ്ങളെ കൊല്ലുവാനായിരുന്നു അയാൾ തന്റെ യോദ്ധാക്കൾക്ക് കൊടുത്ത ഒരു കൽപന. ആ യോദ്ധാക്കളിൽ പലരും പിന്നീട് അറിയപ്പെടുന്ന "സർപ്പങ്ങളെ കൊല്ലു ന്നവരായി" തീർന്നു എന്നാണ് ഇതിഹാസം പറയുന്നത്. നിങ്ങളും ഞാനും ഒരിക്കലും "സർപ്പങ്ങളെ കൊല്ലുന്നവർ" ആകുകയില്ല; എന്നാൽ, അദ്ധ്യായം 12 ലേതുപോലെ, നാം "മരണപര്യന്തം" പ്രാണനെ നോക്കാതെ "സാക്ഷ്യം മുറുകെ പിടിക്കുമ്പോൾ" "ചുവന്ന മഹാസർപ്പത്തെ" നേരിടേണ്ടതായിട്ടുണ്ട്.

ഒരിക്കൽ കൂടെ, സ്വയ-പരിശോധനക്കുള്ള സമയമായി. നമുക്ക് നമ്മോടു തന്നെ ഈ ചോദ്യങ്ങൾ ചോദിക്കാം: "വചനം അറിയിക്കുന്നതിൽ നാം വിശ്വസ്തരാണോ?"; "നാം വചനത്തിൽ വിശ്വസ്തമായാണോ ജീവിക്കുന്നത്?"; "നാം ജീവിതത്തിൽ മുൻഗണനകൾ ശരിയാക്കിയിട്ടുണ്ടോ?"; "നമ്മുടെ വിശ്വാസത്തിനുവേണ്ടി നാം മരി ക്കുവാൻ തയ്യാറാണോ?"

## പ്രാസംഗികന്മാർക്കും ഉപദേഷ്ടാക്കന്മാർക്കുമുള്ള കുറിപ്പുകൾ

ഈ വേദഭാഗത്തിനുള്ള ഒരു സാധാരണ തലവാചകം "സ്വർഗത്തിൽ ഒരു യുദ്ധം" എന്നാണ്. ആ തലവാചകത്തെ മയർ പേൾമാൻ ഇങ്ങനെ വിപുലമാക്കി, "സ്വർഗത്തിൽ യുദ്ധം - ഭൂമിയിൽ കഷ്ടം." സാധ്യതയുള്ള മറ്റൊരു തലവാചകമാണ്, "വിജയത്തിന്റെ രഹസ്യം." "ഒരു വിശുദ്ധ യുദ്ധം" എന്നിവ. ഈ സമീപനം നിങ്ങൾ ഉപയോഗിക്കുക യാണെങ്കിൽ, നിങ്ങൾക്ക് അദ്ധ്യായം 12 ലെ യുദ്ധവും "ഭൂമിയിലെ വിശുദ്ധ യുദ്ധം" എന്നറിയപ്പെടുന്നതുമായുള്ള അന്തരം പറയാം.

യേശുവിന്റെ രക്തത്താലുള്ള രക്ഷ എന്ന മനോഹരമായ ഒരു അനുബന്ധ പ്ര സംഗം ഇതിൽനിന്നു നടത്താം. ആ പ്രസംഗത്തിൽ, ആരംഭം മുതൽ ദൈവപദ്ധതിയിൽ.

രക്തത്തിനുള്ള പ്രാധാന്യം, ക്രൂശിൽ യേശു നമുക്ക് വേണ്ടി ചെയ്തത്, രക്തം ന മുക്ക് എങ്ങനെ പ്രയോജനപ്പെടുന്നുവെന്നും വ്യക്തമാക്കാം. "ക്രൂശിന്റെ വഴി ഭവനത്തി ലേക്ക് നയിക്കുന്നു" എന്നതാണ് സാധ്യതയുള്ള ഒരു തലവാചകം. ഈ ആശയം നി ങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ, ക്രിസ്തുവിന്റെ രക്തവും സ്നാനവും തമ്മിലുള്ള ബന്ധം, കർത്തൃമേശയും സഭയുമായുള്ള ബന്ധവും സൂചിപ്പിക്കുവാൻ മറക്കരുത്.

---

കുറിപ്പുകൾ

[1]ഈ ചിത്രീകരണം എടുത്തിരിക്കുന്നത്, പോൾ ലീ, ടാൻ, എൻസൈക്ലോപീ ഡിയാ ഓഫ് 7700 ഇല്ലസ്ട്രേഷൻസ് (റോക്കില്ലേ, എംഡി.: അഷുറൻസ് പബ്ലിഷേ ഴ്സ്, 1979), 1574. [2]വാക്യം 1 ലും 3 ലും "ഹെവെൻസ്" എന്നത് ആകാശമാണെന്ന് നാം നമ്മുടെ കഴിഞ്ഞ പാഠത്തിൽ പറഞ്ഞിരുന്നു, എന്നാൽ വാക്യങ്ങൾ 7 മുതൽ 9 വരെയുള്ള വാക്യങ്ങളിൽ "സ്വർഗം" എന്നു പറഞ്ഞിരിക്കുന്നത് ദൈവത്തിന്റെ വാസസ്ഥലമാണ്. എങ്ങനെയായാലും, ഇത് ആലങ്കാരികമാണ് എന്ന കാര്യം മറക്ക രുത്. [3]ഈ വാചകം എടുത്തത്, റോബർട്ട് മൗൺസ്, *ദ ബുക്ക് ഓഫ് റെവലേഷൻ, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് സീരീസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1977), 238. [4]എച്ച്.

എൽ. എലിസൺ, *1 പീറ്റർ – റെവലേഷൻ,* സ്ക്രിപ്ച്ചർ യൂണിയൻ ബൈബിൾ സ്റ്റഡി ബുക്ക്സ് സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1969), 67. [5]ജോൺ മിൽട്ടൻ 1608–74 വരെ ജീവിച്ചിരുന്ന ഒരു ഇംഗ്ലീഷ് കവിയായിരുന്നു. അദ്ദേഹം രചിച്ച (1667-ൽ) പാരഡൈസ് ലോസ്റ്റ് എന്ന കൃതി മഹാകാവ്യലക്ഷണമുള്ള ഒന്നായിരുന്നു. [6]എലിസൺ, 67. [7]റേ സമ്മേഴ്സ്, *വർതി ഈസ് ദ ലാമ്പ്* (നാഷ്വിലേ.: ബ്രോഡ്മാൻ പ്രസ്, 1951), 172–73. [8]പിശാചിന്റെ ഉത്ഭവം കാണിക്കുവാൻ ചിലർ ലൂസിഫറിനെ പറ്റി പറഞ്ഞിരിക്കുന്ന വേദഭാഗം എടുക്കാറുണ്ട് (യെശയ്യാവ് 14:12; കെജെവി). സന്ദർഭം വ്യക്തമായും പറയുന്നത് ബാബേൽ രാജാവിനെ കുറിച്ചാണെങ്കിലും (യെശയ്യാവ് 14:4 നോക്കുക; കെജെവി) ചിലർ അതെ തിർത്ത്, ബാബേൽരാജാവ് "സാത്താന്റെ പ്രതിപുരുഷനായിട്ടാണ് പറഞ്ഞിരിക്കുന്നത്" എന്ന് വാദിക്കും. അവിടെ ഉപയോഗിച്ച പദ്യഭാഷ അവർ കാണാതിരിക്കുകയും സാത്താന്റെ നിഴലായി രാജാവിനെ കാണുകയും ചെയ്യുന്നു. ഇപ്രകാരമുള്ള വാദത്തിന് ഉപയോഗിക്കുന്ന മറ്റൊരു വേദഭാഗമാണ് ലൂക്കൊസ് 10:18. [9]ജെ. ഡബ്ലിയു. റോബർട്ട്സ്, *ദ റെവലേഷൻ ടു ജോൺ* (ദ അപോകാലിപ്സ്) ദ ലിവിങ്ങ് വേഡ് കമെന്ററി സീരീസ് (ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിങ്ങ് കമ്പനി., 1974), 102. [10]ജി. ആർ. ബിസ്ലേ-മുറേ, *ദ ബുക്ക് ഓഫ് റെവലേഷൻ*, ദ ന്യു സെഞ്ചുറി ബൈബിൾ കമെന്ററി സീരീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1974), 203.

[11]പ്രധാനദൂതനെ കുറിച്ചു പറഞ്ഞിരിക്കുന്ന മറ്റൊരു വാക്യമാണ് 1 തെസലൊനിക്യർ 4:16. എന്നാൽ അവിടെ ദൂതന്റെ പേർ പറയുന്നില്ല. ചിലർ അത് മിഖായേലാണ് എന്നു കരുതുന്നു. [12]ഒരുപക്ഷെ യൂദായുടെ പുസ്തകത്തിലെ പ്രയാസമുള്ളതാകാം വാക്യം 9. മോശെയുടെ ശരീരം അടക്കം ചെയ്ത വിവരങ്ങൾ ആവർത്തനപുസ്തകം 34:6 ലുണ്ട്. എന്നാൽ അവിടെ മിഖായേലും പിശാചും തമ്മിൽ വാദം നടന്നതായി പറയുന്നില്ല. യൂദാക്ക് കിട്ടിയ വിവരങ്ങൾ ദൈവശ്വാസിയ ഉറവിടങ്ങളിൽനിന്നായിരുന്നില്ല എന്നു ചിലർ പറയുവാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ യൂദായ്ക്ക് ലഭിച്ച ഉറവിടം ദൈവാത്മാവിൽനിന്നു തന്നെയായിരുന്നു. യൂദാ 9-ൽ നിന്ന് മോശെയുടെ ശരീരത്തെ കുറിച്ച് മിഖായേലും പിശാചും തമ്മിൽ വാദം നടന്നു (വിശദാംശങ്ങൾ ഇല്ലെങ്കിലും). എന്നാൽ പ്രധാനപ്പെട്ട കാര്യം (അതാണ് വാകൃത്തിലെ മുഖ്യ പോയിന്റ്) പിശാചിനോട് സംസാരിക്കുമ്പോൾ പോലും മിഖായേൽ നിയന്ത്രിക്കപ്പെട്ടിരുന്നു. [13]"എന്തുകൊണ്ട് മിഖായേൽ? പകരം മറ്റാരെങ്കിലും ആയിക്കൂടെ? യേശുക്രിസ്തു പോലും ആകാമല്ലോ," എന്ന് ചിലർ ചോദിച്ചേക്കാം. അത്തരം വിശദാംശങ്ങൾ നമ്മെ അലട്ടുന്നില്ല. അത് നന്മയും തിന്മയും തമ്മിലുള്ള പോരാട്ടമാണ്, *ആലങ്കാരികം* ആണ്. [14]വില്യം ഹെൻഡ്രിക്സൺ, *മോർ ദാൻ കോൺകറേഴ്സ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1954), 165. [15]"അവളുടെ സന്തതി" എന്നതുകൊണ്ട് ഹവ്വയുടെ സന്തതികളെ ഉദ്ദേശിച്ചു പറയാവുന്നതാണ്, എന്നാൽ ഇവിടെ സന്ദർഭത്തിൽ താഴെ ഉപയോഗിച്ചിരിക്കുന്ന ഏകവചനം, "അവൻ" സൂചിപ്പിക്കുന്നത് അവളുടെ സന്തതി എന്നതു, പ്രത്യേകമായി, യേശുവിനെ തന്നെയാണ്. [16]യേശുവിന്റെ മരണം "കുതികാൽ തകർക്കൽ" (അസാധാരണ മുറിവ്) മാത്രമായിരുന്നു എന്ന് ഉയർത്തെഴുന്നേൽപ് തെളിയിച്ചു. [17]ജോൺ ആർ. ഡബ്ലിയു. സ്ക്കോട്ട്, *ദ ലെറ്റേഴ്സ് ഓഫ് ജോൺ*, റെവ. എഡി., ടിൻഡേയിൽ ന്യൂടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1988), 142. തന്റെ പ്രസ്താവനയെ പിന്തുണക്കുവാൻ, സ്ക്കോട്ട് യോഹന്നാൻ 12:23, 27, 31, 32; 16:11 പറഞ്ഞിരിക്കുന്നു. യേശുവിന്റെ ശുശ്രൂഷയിൽ സാത്താന്റെ മറിച്ചിടലിനെ കുറിച്ചു പറഞ്ഞിരിക്കുന്ന മറ്റൊരു വേദഭാഗമാണ്, ലൂക്കൊസ് 10:18, അത് സാത്താന്റെ "സ്വർഗത്തിൽനിന്നുള്ള

വീഴ്ച്ചയെ" കുറിച്ചാണ് സൂചിപ്പിക്കുന്നത്. രണ്ട് ഭാഗത്തും ഉപയോഗിച്ചിരിക്കുന്ന ഭാഷ ഒന്നാകയാൽ, ലൂക്കൊസ് 10:18 പലപ്പോഴും വെളിപ്പാട് 12:7-10 നോട് യോജിപ്പിച്ച് പറഞ്ഞിട്ടുണ്ട്. മനുഷ്യരിലെ ഭൂതങ്ങളെ പുറത്താക്കുവാൻ യേശുവിന്റെ ശിഷ്യന്മാർക്ക് കഴിഞ്ഞതുകൊണ്ട് സാത്താന്റെ ശക്തി കുറഞ്ഞു വന്നിരുന്നു. വെളിപ്പാട് 20:1-3-ൽ സാത്താനെ "കെട്ടുന്നതിനെ" കുറിച്ചു പറയുമ്പോൾ, നാം ലൂക്കൊസ് 10:18 കൂടുതലായി കാണും. [18]ആ വാചകത്തിന്റെ ആദ്യഭാഗം എടുത്തിരിക്കുന്നത്, മാർട്ടിൻ എച്ച്. ഫ്രാൻസ്മാൻ, *ദ റെവെലേഷൻ ടു ജോൺ* (സെന്റ്. ലൂയിസ്, മോ: കൺകോഡിയ പബ്ലിഷിങ്ങ് ഹൗസ്, 1976), 87. [19]ആ വാചകത്തിന്റെ അവസാനഭാഗം എടുത്തിരിക്കുന്നത്, മെറിൽ സി. ടെനി, *പ്രൊക്ലെയിമിങ്ങ് ദ ന്യൂടെസ്റ്റമെന്റ്: ദ ബുക്ക് ഓഫ് റെവെലേഷൻ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1963), 62. [20]ആ വാചകം എടുത്തിരിക്കുന്നത് റോബർട്ട്സ്, 102 ൽനിന്നാണ്.

[21]ഹോമർ ഹെയ്‌ലി, *റെവലേഷൻ, ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1979), 273. [22]നോക്കുക, വില്യം ബാർക്ലേ, *ദ റവെലേഷൻ ഓഫ് ജോൺ*, വാല്യം 2. റെവ. എഡി., *ദ ഡെയ്‌ലി സ്റ്റഡി ബൈബിൾ സീരീസ്* (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1976), 83. [23]ജി. ബി. കെയ്ഡ്, *എ കമെന്ററി ഓൺ ദ റെവെലേഷൻ ഓഫ് സെന്റ്. ജോൺ ദ ഡിവൈൻ* (ലണ്ടൻ: ആഡം & ചാൾസ് ബ്ലാക്ക്, 1966), 155. [24]റോബർട്ട്സ്, 102. [25]മൗൺസ്, 243. [26]ബീസ്ലേ-മുറേ, 202. [27]എലിസൺ, 67. [28]ഈ വാക്യത്തെ കുറിച്ചുള്ള പരാമർശങ്ങൾക്കും ഉപയോഗിച്ച വാക്കുകൾക്കും, കഴിഞ്ഞ പാഠം നോക്കുക. [29]ലിയോൺ മോറിസ്, *റെവലേഷൻ*, റെവ. എഡി., *ദ ടിൻഡേൽ ന്യൂടേസ്റ്റമെന്റ് കമെന്ററീസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1987), 157. [30]വാക്യം 10-ൽ പറഞ്ഞ "നമ്മുടെ" എന്നത് യോഹന്നാൻ പല ശബ്ദങ്ങൾ കേട്ടതായി വ്യക്തമാക്കുന്നു.

[31]"വിജയം" എന്ന വാക്കിനു വേണ്ടിയുള്ള ഗ്രീക്ക് വാക്ക് *നികേ* എന്നതിന്റെ ക്രിയാ രൂപമാണ് "ജയിച്ചു" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത്. [32]ബിസ്ലേ-മുറേ, 203. [33]ക്ലോവിസ് ജി. ചാപ്പെൽ, *സെർമൺസ് ഫ്രം റവെലേഷൻ* (ന്യുയോർക്ക്: അബിങ്ടൺ പ്രസ്, 1943), 177. [34]ഈ ചിത്രീകരണം എടുത്തിരിക്കുന്നത്, ജോൺ സ്റ്റെയ്സി, *പ്രീച്ചിങ്ങ് ത്രൂ റെവെലേഷൻ* (വിനോണാ, മിസ്.: ജെ. സി. ചോട്ട് പബ്ലിക്കേഷൻസ്, 1983), 116. [35]ഈ വാചകം എടുത്തിരിക്കുന്നത്, മയർ പേൾമാൻ, *വിൻഡോസ് ഇൻടു ദ ഫ്യൂച്ചർ: ഡിവോഷ്ണൽ സ്റ്റഡീസ് ഇൻ ദ ബുക്ക് ഓഫ് റെവെലേഷൻ* (സ്പ്രിങ്ങ്ഫീൽഡ് മോ.: ഗോസ്പൽ പബ്ലിഷിങ്ങ് ഹൗസ്, 1941), 106. [36]എച്ച്. ജി. സ്പാഫോർഡ്, "ഇറ്റ് ഈസ് വെൽ വിത്ത് മൈ സോൾ," *സോങ്സ് ഓഫ് ദ ചർച്ച്,* എഡി. ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1977). [37]രക്ഷിക്കപ്പെട്ടവർ, "വചനം പ്രമാണിച്ചുകൊണ്ടിരിക്കുമെന്ന് പറയുന്ന", 12:17 നോക്കുക. [38]ജിം മെക്ഗ്വിഗാൻ, *ദ ബുക്ക് ഓഫ് റെവെലേഷൻ ലുക്കിങ് ഇൻടു ദ ബൈബിൾ സീരീസ്* (ലബ്ബക്ക്, ടെക്സ്.: ഇന്റർനാഷ്ണൽ ബിബിളിക്കൽ റിസോഴ്സസ്, 1976), 177. [39]എം. റോബർട്ട് മുതോളന്റ്, ജൂനിയർ., *റെവെലേഷൻ, ഹോളി ലിവിങ്, ഇൻ ആൻ അൺഹോളി വേൾഡ്*, ഫ്രാൻസിസ് ആസ്ബറി പ്രസ്, കമെന്ററി, ജെന. എഡി., എം. റോബർട്ട് മുതോളന്റ്, ജൂനിയർ., (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഫ്രാൻസിസ് ആസ്ബറി പ്രസ്, 1990), 222. [40]ചാപ്പെൽ, 179.

[41]മെക്ഗ്രിഗാൻ, 180. [42]ഹെയ്‌ലി, 276. [43]ഈ വാചകത്തിന്റെ അവസാനഭാഗം എടുത്തിരിക്കുന്നത്, ഫിലിപ് ഈ. ഹുഗ്സ്, *ദ ബുക്ക് ഓഫ് റെവെലേഷൻ: എ കമെന്ററി* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1990), 140. [44]വെളിപ്പാടിൽ മാത്രമാണ് "ഹെവെൻസ്" എന്ന് ബഹുവചനത്തിൽ ഉപ

യോഗിച്ചിരിക്കുന്നത്. ഇവിടെ മാത്രം ബഹുവചനത്തിൽ ഉപയോഗിക്കുകയും മറ്റുഭാഗങ്ങളിൽ ഏകവചനം ഉപയോഗിക്കുകയും ചെയ്തിരിക്കുന്നത് എന്തുകൊണ്ടാണെന്ന് ആർക്കും അറിയില്ല. ഒരുപക്ഷെ പ്രാധാന്യമില്ലാത്ത വിശദീകരണമാകാം അത്. [45]സന്ദർഭത്തിൽ, ഭൂമി എന്ന ഗൃഹത്തിന്മേലാണ് നാം ജീവിക്കുന്നത് (12:16 നോക്കുക). [46]മെക്ഗ്വിഗാൻ, 181. [47]ബീസ്ലേ-മുറേ, 202. "അല്പ കാലമേയുള്ളു" എന്ന പ്രയോഗം ഒരുപക്ഷെ ക്രിസ്ത്യാനികളെ ഉത്തേജിപ്പിക്കുന്നതിനുള്ളതാകാം. പിശാചിന് അവരെ "അൽപകാലം മാത്രമേ" വേദനിപ്പിക്കുവാൻ കഴിയു. [48]മോറിസ്, 158. [49]ടി. എഫ്. ക്ലാസൺ. *ദ റെവലേഷൻ ഓഫ് ജോൺ,* ദ കെയിംബ്രിഡ്ജ് ബൈബിൾ കമെന്ററി ഓൺ ദ ന്യു ഇംഗ്ലീഷ് ബൈബിൾ സീരീസ് (കെയിംബ്രിഡ്ജ്, ഇംഗ്ലണ്ട്: കെയിംബ്രിഡ്ജ് യൂണിവേഴ്സിറ്റി പ്രസ്, 1965), 75. [50]ഈ പാഠം പ്രസംഗമായി ഉപയോഗിക്കുകയാണെങ്കിൽ, ഓരോരുത്തരേയും കർത്താവിനോടുള്ള ബന്ധം ശോധന ചെയ്ത് വരുത്തേണ്ട മാറ്റം വരുത്തുവാൻ പ്രബോധിപ്പിക്കുക.

---

## പഠനത്തിനും ചർച്ചക്കുമുള്ള ചോദ്യങ്ങൾ

1. മനുഷ്യനെ സൃഷ്ടിച്ചതിനുമുൻപല്ല സാത്താന്റെ വീഴ്ച്ച എന്ന് 12:7–12 പഠിപ്പിക്കുന്നില്ല എന്ന് പാഠത്തിൽ പറയുവാൻ കാരണം എന്ത്? ആ തീർപ്പിനോട് നിങ്ങൾ യോജിക്കുന്നുവോ അതോ വിയോജിക്കുന്നുവോ?
2. സാത്താന്റെ ഉത്ഭവത്തെ കുറിച്ച് ബൈബിൾ എന്താണ് പറയുന്നത്? നാം കൂടുതലായി അറിയുവാൻ ഇഛിച്ചേക്കാം. അതോ നാം അതു മാത്രം അറിഞ്ഞാൽ മതിയോ?
3. വാക്യം 7 മുതൽ 9 വരെയുള്ള യുദ്ധം ഒരുപക്ഷെ നടന്നത് എപ്പോൾ ആയിരിക്കാം?
4. നമ്മുടെ പാഠത്തിലെ മിഖായേലിനെ കുറിച്ച് ബൈബിൾ എന്തു പറയുന്നു?
5. ഉൽപത്തി 3:15 ലെ വാഗ്ദാനവും അത് നിറവേറുന്നതും പറയുക.
6. യേശു ക്രൂശിൽ മരിച്ചപ്പോൾ സാത്താൻ പരാജയപ്പെട്ടു എന്നു പറയുന്ന ചില വേദഭാഗങ്ങൾ പറയുക.
7. മനുഷ്യരുടെ മേലുള്ള സാത്താന്റെ മൽപിടുത്തം ക്രൂശ് എങ്ങനെയാണ് വിടുവിച്ചത്? അത് എങ്ങനെ മനുഷ്യരെ വഞ്ചിക്കുന്നത് അറുതി വരുത്തി? ദൈവത്തിന്റെ വിശ്വസ്തരായ അനുയായികളെ കുറ്റം ചുമത്തിയത് എങ്ങനെ അത് അവസാനിപ്പിച്ചു?
8. വാക്യം 10-ൽ വിവരിച്ച "രക്ഷ," "ശക്തി," "രാജ്യം," "ആധിപത്യം" എന്നീ വാക്കുകളെ വിവരിക്കുക.
9. നാം യേശുവിന്റെ രക്തത്താലാണ് രക്ഷിക്കപ്പെടുന്നത് എന്നു പറയുന്ന വേദഭാഗങ്ങൾ പറയുക. നിങ്ങൾക്കായി യേശു ക്രൂശിൽ ചെയ്തതിനെ നിങ്ങൾ അനുമോദിക്കുന്നുവോ?
10. സാത്താനെ തുടർച്ചയായി പരാജയപ്പെടുത്തുന്നതിൽ മനുഷ്യന്റെ പങ്ക് വിവരിക്കുക. അവർ "മരണപര്യന്തം പ്രാണനെ സ്നേഹിച്ചില്ല," "തങ്ങളുടെ സാക്ഷ്യ വചനം നിമിത്തം" എന്നീ പ്രയോഗങ്ങളെ വിവരിക്കുക.
11. തന്റെ പരാജയത്തോടുള്ള സാത്താന്റെ പ്രതികരണം എന്തായി

രുന്നു? അവന് “മഹാക്രോധം” ഉണ്ടാകുവാനുള്ള കാരണം എന്ത്?

12. മുറിവേറ്റ മൃഗം എത്ര ശൗര്യമുള്ളതാണെന്ന് വാഠം പറയുന്നു. മുറിവേറ്റ മൃഗത്തെ നിങ്ങൾ നേരിട്ടിട്ടുണ്ടോ? ഈ ചിത്രീകരണം പിശാചിനെ എങ്ങനെ ബാധിക്കും?



**മിഖായേൽ ചുവന്ന സർപ്പത്തെ പരാജയപ്പെടുത്തുന്നു**
**(12:7–9)**